"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - മണ്ണൂർ സി എം എച് എസ് എസ് മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.3935/2025/GEDN തീയതി,തിരുവനന്തപുരം, 18-06-2025

---

പരാമർശം:-

1. കോഴിക്കോട് ജില്ലയിലെ മണ്ണൂർ സി എം എച് എസ് എസ് മാനേജർ സമർപ്പിച്ച 13/2/2025 ലെ കാറ്റഗറി 1 റിവിഷൻ ഹർജി.
2. കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/4/2025 ലെ DEOKKD/456/2025-B1 നമ്പർ കത്ത്.
3. കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/4/2025 ലെ ഡിഡിഇ/ബി5/2741/2025 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28/4/2025 ലെ DGE/6857/2025-EM5 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ മണ്ണൂർ സി എം എച് എസ് എസ് മാനേജർ സമർപ്പിച്ച കാറ്റഗറി 1 റിവിഷൻ ഹർജി, 01.6.2024 ലെ സ.ഉ.(എം.എസ്)നം. 54/2024/പൊ.വി.വ പ്രകാരം സമർപ്പിച്ചത് തീർപ്പാക്കുന്നതിന്റെ ഭാഗമായി ചുമതലപ്പെടുത്തിയ പ്രകാരം മാനേജറുടെ പ്രതിനിധി, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരെ 29.04.2025 ൽ കേൾക്കുകയുണ്ടായി.

(2) റിവിഷൻ ഹർജിയിലെ സംഗ്രഹവും ഹിയറിംഗ് വേളയിൽ മാനേജറുടെ പ്രതിനിധി ഉന്നയിച്ച വാദങ്ങളും ചുവടെ ചേർക്കുന്നു.

മണ്ണൂർ സി.എം. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി. ടിസ്ന മാത്യൂവിന്റെ 15-07-2018 മുതൽക്കുള്ള നിയമനം 24-07-2019 മുതൽ 05-02-2021 വരെ നോഷണലായും 06-02-2021 മുതൽ റഗുലറായും 13.9.2021 ലെ ബി1/22802/2021 നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടിക്കെതിരെ സർക്കാറിൽ സമർപ്പിച്ച അപ്പീൽ ഹർജി സർക്കാർ പൊതുവിദ്യാദ്യാസ ഡയറക്ടർക്ക് തീർപ്പാക്കുന്നതിനു വേണ്ടി

അയച്ചുകൊടുക്കുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർ **31.01.2025** ലെ **EM5/1473/2022/DGE** നമ്പർ ഉത്തരവ് പ്രകാരം സംരക്ഷിതാധ്യാപിക **24-07-2019**ന് സ്കൂളിൽ ജോലിയിൽ പ്രവേശിച്ചതിനാൽ നിയമനം **15-07-2018** മുതൽ **23-07-2019** വരെ നോഷണലായും **24.07.2019** മുതൽ റഗുലറായും അംഗീകരിച്ചു. മേൽ നടപടിക്കെതിരെയാണ് റിവിഷൻ അപ്പീൽ സമർപ്പിച്ചത്.

മണ്ണൂർ സി.എം.ഹയർ സെക്കന്ററി സ്കൂൾ പുതിയതായി ആരംഭിച്ച ഹൈസ്കൂളുടെ ഗണത്തിൽ വരുന്നു. സ്കൂളിൽ സുംരക്ഷിതാധ്യാപകർ ജോലി ചെയ്യുകയും ചെയ്തിരുന്നു. **2016-17** വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം **4** എച്ച.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നു. ടി തസ്തികകളിൽ **3** എച്ച്.എസ്.ടി. (ഇംഗ്ലീഷ്) അധ്യാപകരും സ.ഉ. **11/2002**/പൊ. വി. തീയതി **07-01-2002** പ്രകാരം തസ്തിക നഷ്ടപ്പെട്ട് എച്ച.എസ്.ടി. (ഗണിതം) അധ്യാപിക ശ്രീമതി. വിമലയെ നിലനിർത്തുകയും ചെയ്തിരുന്നു. **2016-17** വർഷം വിദ്യാർത്ഥികളുടെ വർദ്ധനവ് മൂലം ഒരു അധിക എച്ച്ഃഎസ്.ടി. (ഗണിതം) തസ്തികക്ക് സാധ്യത ഉണ്ടാവുകയും അതു പ്രകാരം ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്തിയ ഗണിതം അധ്യാപികയെ ഗണിതം തസ്തികയിലേക്ക് മാറ്റുമ്പോൾ ഇംഗ്ലീഷ് തസ്തികയിൽ വന്ന ഒഴിവിൽ ശ്രീമതി. ടിസ്ന മാത്യുവിനെ **01-06-2016** മുതൽ നിയമിക്കുകയും ചെയ്തു. എന്നാൽ ടി വർഷം പുതിയ കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് യഥാസമയം ലഭിക്കാത്തതിനാൽ അധിക തസ്തിക അനുവദിച്ചിരുന്നില്ല.

പുതിയ കെട്ടിടത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനെതിരെ മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ വിധിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ **12-11-2018** തീയതി വെച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുകയും ജില്ലാ വിദ്യാഭ്യാസ ഓഫീസർ **2018-19** വർഷം, **15-07-2018** മുതൽ അധിക എച്ച്എസ്.ടി (ഗണിതം) തസ്തിക അനുവദിക്കുകയും ചെയ്തു. ടി വർഷം നിലവിൽ വന്ന എച്ച്എസ് ടി (ഗണിതം) തസ്തികയിൽ തുടർന്ന ശ്രീമതി. രമണി **31-03-2019**ന് വിരമിക്കുകയും ചെയ്തു. തുടർന്ന് അധിക തസ്തികയിൽ നിലനിർത്തിയ ശ്രീമതി. വിമലയെ എച്ച്എസ്.ടി. (ഗണിതം) വിരമിക്കൽ ഒഴിവിലേക്ക് മാറ്റുകയും അധിക എച്ച്.എസ്.ടി (ഗണിതം) തസ്തിക പുതിയതായി അപ്ഗ്രേഡ് ചെയ്ത സ്കൂൾ എന്ന നിലയിൽ സംരക്ഷിതാധ്യാപകർക്കായി മാറ്റി വെക്കുകയും കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് പ്രകാരം സംരക്ഷിതാധ്യാപിക ശ്രീമതി. ബിന്ദു ദാമോദരനെ സ്കൂളിലേക്ക് പുനർവിന്യസിക്കുകയും ടി അധ്യാപിക **24-07-2019** മുതൽ സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ആയതിനാൽ **2018-19** വർഷം ഇംഗ്ലീഷിന് **4** തസ്തിക തന്നെ ലഭ്യമാകുന്നതാണ്. ഇതിൽ നാലാമത്തെ തസ്തികയിലാണ് ശ്രീമതി. ടിസ്ന മാത്യുവിനെ നിയമിച്ചത്. മേൽ നിയമനം അധിക തസ്തികയിലെ നിയമനമായി കണക്കാക്കേണ്ടതില്ല. പുതിയതായി അപ്ഗ്രേഡ് ചെയ്ത സ്കൂൾ എന്ന നിലയിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചിട്ടുണ്ടോയെന്നു മാത്രമാണ് ഈ വിഷയത്തിൽ പരിഗണിക്കേണ്ടിയിരുന്നത്. സർക്കുലർ നം.

ജെ2/57/2019/പൊ.വി.വ. തീയതി 08.03.2019 പാര 3 ഉത്തരവിൽ പുതിയതായി അപ്ടഗ്രേഡ് ചെയ്ത സ്കൂളൂകളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനു വേണ്ടി 01-06-2019ന് മുമ്പ് തസ്തിക മാറ്റി വച്ചിട്ടുണ്ടെങ്കിൽ അവരുടെ നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിക്കാമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 24.07.2019 മുതൽ സ്ക്കൂളിൽ സംരക്ഷിതാധ്യാപിക ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.01.2025 ലെ EM5/1473/2022/DGE നമ്പർ ഉത്തരവിൽ തന്നെ ശ്രീമതി ടിസ്ന മാത്യുവിനെ നിയമിച്ചത് അധിക തസ്തികയിൽ അല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. അധിക തസ്തികയിൽ നിയമിച്ച നിയമനങ്ങൾ മാത്രമാണ് സത്യപ്രസ്താവന നല്കിയാൽ നിയമന തീയതി മുതൽ 05-02-2021 വരെ നോഷനലായും 06-02-2021 മുതൽ റഗുലറായും നിയമനം അംഗീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ജെ2/57/2019/പൊ.വി.വ. തീയതി 08.03.2019 ലെ സർക്കുലറിൽ പുതിയതായി അപ്ഗ്രേഡ് ചെയ്ത സ്ക്കൂളുകളിൽ സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനു വേണ്ടി 01.06.2019-ന് മുമ്പ് തസ്തിക മാറ്റി വെച്ചിട്ടുണ്ടെങ്കിൽ അവരുടെ നിയമനം നിയമനത്തീയതി മുതൽ തന്നെ അംഗീകരിക്കാമെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതു പ്രകാരം മാറ്റി വെച്ച തസ്തികകളിൽ 24-07-2019-ന് സംരക്ഷിതാധ്യാപിക ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ മേൽ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ടിസ്ന മാത്യവിന്റെ നിയമനം 15-07-2018 മുതൽ തുടർച്ചയായി അംഗീകരിക്കുവാൻ കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കി റിവിഷൻ അപ്പീൽ അനുവദിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

(3) വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

2016-17 വർഷത്തെ തസ്തിക നിർണയത്തിൽ അധികമായി അനുവദിക്കുമെന്ന് പ്രതീക്ഷിച്ച HST English തസ്തികയിൽ മാനേജർ 01/06/2016 മുതൽ ശ്രീമതി. ടിസ്ന മാത്യൂ നെ നിയമിച്ചു. അധിക തസ്തിക അനുവദിച്ചിട്ടില്ല, തസ്തിക ലഭ്യമല്ല, 1:1 അനുപാതം പാലിച്ചിട്ടില്ല എന്നീ കാരണത്താൽ ടി നിയമനം നിരസിച്ചു. 2016-17 ൽ തസ്തിക നഷ്ടപ്പെട്ട ശ്രീമതി. വിമല കെ. HST Maths നെ, ഉണ്ടായിരുന്ന ഒരു HST English തസ്തികയിൽ നിലനിർത്തുകയാണ് ഉണ്ടായത്. തുടർന്ന് 2018-19 വർഷത്തിൽ ഒരു HST Maths അധിക തസ്തിക അനുവദിച്ചിട്ടുണ്ട്. 2016-17 ൽ HST English തസ്തികയിൽ നിലനിർത്തിയിരുന്ന HST Maths അദ്ധ്യാപികയെ 2018-19 ൽ അധികമായി അനുവദിച്ച HST Maths തസ്തികയിലേക്ക് മാറ്റുകയും ചെയ്തു. ഇപ്രകാരം ഒരു HST English തസ്തികയിൽ ഒഴിവ് ലഭ്യമായിരുന്നു.

സി.എം.എച്ച് എസ് മണ്ണൂർ ഒരു പുതിയ സ്കൂൾ ആണ്. പുതിയ സ്കൂൾ എന്ന

നിലയിലുള്ള സംരക്ഷിത അദ്ധ്യാപിക **24.07.2019** മുതൽ മാത്രമേ സ്കൂളിൽ ഉള്ളൂ. ആയതിനാൽ **2018-19** ൽ ലഭ്യമായ **HST English** തസ്തികയിൽ ശ്രീമതി. ടിസ്സ മാത്യൂവിൻറെ നിയമനം സ.ഉ (പി)നം.**4/2021**/പൊ.വി.വ തീയതി **06.02.2021** ന് വിധേയമായി **24.07.2019** മുതൽ **05.02.2021** വരെ നോഷണലായും തുടർന്ന് ആനുകൂല്യങ്ങളോടെ **06.02.2021** മുതലും ബി**1/22802/2021** തീയതി **13.9.2021** ലെ ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയായിരുന്നു.

മേൽ ഉത്തരവിൽ നോഷണലായി അംഗീകരിച്ചതിനെതിരെ മാനേജർ റിവിഷൻ അപ്പീൽ സമർപ്പിച്ചു. ശ്രീമതി. ടിസ്സ മാത്യൂ വിനെ നിയമിച്ചത് അധിക തസ്തികയിലല്ല. സി എം ഹയർ സെക്കണ്ടറി സ്കൂൾ പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെട്ടതാകയാൽ ഒരു വ്യവസ്ഥാപിത തസ്തികയിലെങ്കിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന കെ ഇ ആർ അദ്ധ്യായം **XXI** ചട്ടം **7(3)** ലെ വ്യവസ്ഥ പ്രകാരം **24.07.2019** മുതൽ സംരക്ഷിത അദ്ധ്യാപിക ജോലിയിൽ പ്രവേശിച്ചിച്ച സാഹചര്യത്തിൽ ശ്രീമതി. ടിസ്സ മാത്യൂ വിന്റെ നിയമനം തസ്തിക അനുവദിച്ച **15/07/2018** മുതൽ സംരക്ഷിത അധ്യാപിക ജോലിയിൽ പ്രവേശിച്ചതിന് തലേ ദിവസമായ **23.07.2019** വരെ നോഷണൽ ആയും **24/07/2019** മുതൽ ശമ്പളാനുല്യത്തോടെയും അനുവദിച്ചുകൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ അപ്പീൽ അനുവദിച്ചിട്ടുണ്ട്.

ജെ**2/57/2019** സർക്കുലർ പാര-**3** ൽ പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ മാനേജർമാർ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി **01/06/2019** നു മുൻപ് (പിന്നീട് അത് **6/6/2019** എന്നാക്കി മാറ്റിയിരുന്നു) തസ്തിക വെച്ചിട്ടുണ്ടെങ്കിൽ അവരുടെ നിയമനം നിയമനതീയ്യതി മുതൽ തന്നെ അംഗീകരിക്കാമെന്ന് നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ തസ്തിക ലഭ്യമായ **15/07/2018** മുതൽ തുടർച്ചയായി നിയമനം ശമ്പളാനുകൂല്യത്തോടെ അനുവദിക്കുന്നതിനാണ് ഇപ്പോൾ സർക്കാർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത് .

**J2/57/2019** സർക്കുലർ പാര-**3** ൽ പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ മാനേജർമാർ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി **01.06.2019** നു മുൻപ് (പിന്നീട് അത് **6/6/19** എന്നാക്കി മാറ്റിയിരുന്നു) തസ്തിക മാറ്റി വച്ച് വിവരം അറിയിച്ചിട്ടുണ്ടെങ്കിൽ മറ്റ് നിയമനങ്ങൾ നിയമനതീയ്യതി മുതൽ തന്നെ അംഗീകരിക്കാനാകും. എന്നാൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും ഇപ്പോൾ സർക്കാരിന് മുമ്പിലും സമർപ്പിച്ചിരിക്കുന്ന റിവിഷനുകളിൽ ഇത് സ്ഥിരീകരിക്കുന്ന യാതൊരു രേഖയും ഉൾപ്പെടുത്തിയിട്ടില്ല.

**4)**മേൽ വസ്തുതകൾ, വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ടുകളുടേയും ഹിയറിംഗിൽ ഉന്നയിച്ച വാദങ്ങളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി

പരിശോധിച്ചു.

**2016-17** വർഷത്തെ തസ്തിക നിർണയത്തിൽ അധികമായി അനുവദിക്കുമെന്ന് പ്രതീക്ഷിച്ച **HST** ഇംഗ്ലീഷ് തസ്തികയിൽ മാനേജർ **01/06/2016** മുതൽ ശ്രീമതി. ടിസ്സ മാത്യുവിനെ നിയമിച്ചു. അധിക തസ്തിക അനുവദിച്ചിട്ടില്ല, തസ്തിക ലഭ്യമല്ല, **1:1** അനുപാതം പാലിച്ചിട്ടില്ല എന്നീ കാരണത്താൽ ടി നിയമനം നിരസിച്ചു. **2016-17** ൽ തസ്തിക നഷ്ടപ്പെട്ട **HST** ഗണിതം അദ്ധ്യാപിക ശ്രീമതി.വിമലയെ ആ വർഷം ഉണ്ടായിരുന്ന ഒരു **HST** (ഇംഗ്ലീഷ്) ഒഴിവിൽ നിലനിർത്തിയിരുന്നു. തുടർന്ന് **2018-19** വർഷത്തിൽ ഒരു **HST** ഗണിതം അധിക തസ്തിക അനുവദിച്ചതിനാൽ **HST** ഇംഗ്ലീഷ് തസ്തികയിൽ നിലനിർത്തിയിരുന്ന ശ്രീമതി. വിമലയെ **HST** (ഗണിതം) തസ്തികയിലേക്ക് മാറ്റുകയും അതിന്റെ ഫലമായി **HST** (ഇംഗ്ലീഷ്) തസ്തിക ഒഴിവുവരികയും ചെയ്തു.

സി.എം.എച്ച്.എസ് മണ്ണൂർ ഒരു പുതിയ സ്കൂൾ ആണ്. പുതിയ സ്കൂൾ എന്ന നിലയിൽ ചട്ടം **7(3)** പ്രകാരം നിയമിക്കേണ്ട സംരക്ഷിത അദ്ധ്യാപിക **24.07.2019** നാണ് സ്കൂളിൽ ജോലിയിൽ പ്രവേശിച്ചത്. **2018-19** ൽ ലഭ്യമായ ടി **HST** ഇംഗ്ലീഷ് തസ്തികയിൽ ശ്രീമതി ടിസ്സ മാത്യുവിന്റെ നിയമനം **Go(P)4/21/gedn dt 06-02-2021** സർക്കാർ ഉത്തരവിന് വിധേയമായി **24.07.2019** മുതൽ **05.02.2021** വരെ നോഷണലായും തുടർന്ന് ആനുകൂല്യങ്ങളോടെ **06.02.2021** മുതലും ജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു.

ജെ**2/57/2019** സർക്കുലർ പാര-**3** ൽ പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി **01/06/2019** നു മുൻപ് തസ്തിക വെച്ചിട്ടുണ്ടെങ്കിൽ അവരുടെ നിയമനം നിയമനതീയ്യതി മുതൽ തന്നെ അംഗീകരിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ തസ്തിക ലഭ്യമായ **15/07/2018** മുതൽ ശ്രീമതി. ടിസ്ന മാത്യവിന്റെ നിയമനം തുടർച്ചയായി ശമ്പളാനുകൂല്യത്തോടെ അനുവദിക്കണ മെന്നതാണ്, നിയമനം നോഷണലായി അംഗീകരിച്ചതിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ അപ്പീലിലെ ആവശ്യം.

സി എം ഹയർ സെക്കണ്ടറി സ്കൂൾ പുതുതായി ആരംഭിച്ച വിദ്യാലയങ്ങളുടെ ഗണത്തിൽപ്പെട്ടതാകയാൽ ഒരു വ്യവസ്ഥാപിത തസ്തികയിലെങ്കിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന ചട്ടം **7(3)** ലെ വ്യവസ്ഥ പ്രകാരം **24.07.2019** മുതൽ സംരക്ഷിത അദ്ധ്യാപിക ജോലിയിൽ പ്രവേശിച്ച സാഹചര്യത്തിൽ നിയമനം **HST** ഇംഗ്ലീഷ് തസ്തികയിൽ ഒഴിവുവന്ന **15/07/2018** മുതൽ സംരക്ഷിത അദ്ധ്യാപിക ജോലിയിൽ പ്രവേശിച്ചതിന് തലേ ദിവസമായ **23.07.2019** വരെ നോഷണൽ ആയും **24/07/2019** മുതൽ ശമ്പളാനുകൂല്യത്തോടെയും പൊതുവിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചിട്ടുണ്ട്. **J2/57/2019** സർക്കുലർ പാര-**3** ൽ പുതുതായി അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിലെ മാനേജർമാർ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടി **01.06.2019** നു

മുൻപ് (പിന്നീട് അത് **6/6/19** എന്നാക്കി മാറ്റിയിരുന്നു) തസ്തിക മാറ്റി വച്ച് വിവരം അറിയിച്ചിട്ടുണ്ടെങ്കിൽ മറ്റ് നിയമനങ്ങൾ നിയമനതീയ്യതി മുതൽ തന്നെ അംഗീകരിക്കാനാകും. എന്നാൽ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെയും ഇപ്പോൾ സർക്കാരിലും സമർപ്പിച്ചിരിക്കുന്ന റിവിഷനുകളിൽ ഇത് സ്ഥിരീകരിക്കുന്ന യാതൊരു രേഖയും ഉൾപ്പെടുത്തിയിട്ടില്ല.

സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനുവേണ്ടി തസ്തിക മാറ്റിവച്ച് **declaration** ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുന്നതിന് പകരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിരുന്നു എന്നാണ് ഹിയറിംഗ് വേളയിൽ മാനേജർ അറിയിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ ജെ**2/57/2019** സർക്കുലർ പാരാ **3-** ൽ പ്രതിപാദിക്കും പ്രകാരം സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിന് വേണ്ടി ഒഴിവ് വിട്ട് കൊടുത്ത തീയതി സംബന്ധിച്ച രേഖ മണ്ണൂർ സി.എം.ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഹാജരാക്കുന്ന മുറയ്ക്കും മറ്റു വിധത്തിലും ക്രമപ്രകാരമെങ്കിലും ശ്രീമതി.ടിസ്സ മാത്യൂവിന് **HST English** തസ്തികയിൽ ഒഴിവ് വന്ന **15.07.2018** മുതൽ സംരക്ഷിത അധ്യാപിക ജോലിയിൽ പ്രവേശിച്ചതിന് തലേദിവസമായ **23.07.2019** വരെ അംഗീകരിച്ച് നൽകിയിട്ടുള്ള നോഷണൽ വ്യവസ്ഥ ഒഴിവാക്കി ടി തസ്തിക ലഭ്യമായ **15/07/2018** മുതൽ തുടർച്ചയായി നിയമനം ശമ്പളാനുകൂല്യത്തോടെ അംഗീകരിച്ച് നൽകുന്നതിന് കോഴിക്കോട് ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്ക്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-**14**
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്
മാനേജർ, സി എം എച് എസ് എസ്, മണ്ണൂർ, കോഴിക്കോട്
ശ്രീമതി. ടിസ്ന മാത്യൂ, എച് എസ് ടി (ഇംഗ്ലീഷ്), സി എം എച് എസ് എസ്, മണ്ണൂർ, കോഴിക്കോട്
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Asha Rani M
Date: 18-06-2025 14:12:51
സെക്ഷൻ ഓഫീസർ